പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 28

2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

©
കേരളനിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 28

2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

1450/2026 (i).

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 28

2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

2026-2027 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2026-2027 സാമ്പത്തികവർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2026-2027 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും 928,00,06,000 രൂപ നൽകൽ.—2026-2027 സാമ്പത്തിക വർഷത്തിൽ വന്നു ചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും ആകെ തൊള്ളായിരത്തി ഇരുപത്തി എട്ട് കോടി ആറായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2026-2027 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

(1)	(2)		(3)		
			കവിയാൻ പാടില്ലാത്ത തുകകൾ		
ക്രമ നമ്പർ	ധനാഭ്യർത്ഥന നമ്പർ	സർവ്വീസുകളും ആവശ്യങ്ങളും	നിയമസഭ വോട്ട് ചെയ്തത് (₹)	സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തത് (₹)	ആകെ (₹)
1	II	സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ	റവന്യൂ	1,000	0	1,000
2	XI	ജില്ലാഭരണവും പലവകയും	റവന്യൂ	2,000	0	2,000
3	XII	പോലീസ്	റവന്യൂ	2,000	0	2,000
			മൂലധനം	1,000	0	1,000
4	XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	റവന്യൂ	0	3,37,07,000	3,37,07,000
5	XV	പൊതുമരാമത്ത്	മൂലധനം	100,00,02,000	0	100,00,02,000
6	XVI	പെൻഷനും പലവകയും	റവന്യൂ	3,50,00,000	1,92,27,000	5,42,27,000
7	XVII	വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം	റവന്യൂ	7,50,01,000	0	7,50,01,000
			മൂലധനം	55,00,00,000	0	55,00,00,000
8	XVIII	വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	റവന്യൂ	10,00,03,000	1,46,28,000	11,46,31,000
9	XIX	കുടുംബക്ഷേമം	റവന്യൂ	0	30,000	30,000
10	XXIV	തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും	റവന്യൂ	1,000	0	1,000
			മൂലധനം	1,000	0	1,000

11	XXV	പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം	മൂലധനം	680,20,00,000	*0*	680,20,00,000
12	XXVIII	പലവക സാമ്പത്തിക സർവ്വീസുകൾ	റവന്യൂ	1,000	*0*	1,000
			മൂലധനം	1,000	*0*	1,000
13	XXIX	കൃഷി	മൂലധനം	0	*19,67,000*	19,67,000
14	XXXI	മൃഗസംരക്ഷണം	റവന്യൂ	0	*90,000*	90,000
			മൂലധനം	1,000	*0*	1,000
15	XXXII	ക്ഷീരവികസനം	മൂലധനം	0	*94,000*	94,000
16	XXXIII	മത്സ്യബന്ധനം	റവന്യൂ	1,000	*0*	1,000
			മൂലധനം	50,00,00,000	*92,000*	50,00,92,000
17	XXXV	പഞ്ചായത്ത്	റവന്യൂ	1,000	*0*	1,000
18	XXXVII	വ്യവസായങ്ങൾ	റവന്യൂ	2,000	*0*	2,000
19	XXXVIII	ജലസേചനം	റവന്യൂ	0	*77,96,000*	77,96,000
			മൂലധനം	0	*1,03,50,000*	1,03,50,000
20	XLI	ഗതാഗതം	മൂലധനം	1,000	*0*	1,000
21	XLII	വിനോദസഞ്ചാരം	റവന്യൂ	12,00,01,000	*0*	12,00,01,000
			മൂലധനം	1,00,02,000	*0*	1,00,02,000
			ആകെ	**919,20,25,000**	***8,79,81,000***	**928,00,06,000**

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2026-2027 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിന്മേൽ ചാർജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഭാരത ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ച പ്രകാരമുള്ള അതിലെ 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

വി. ഡി. സതീശൻ